സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങൾ

286 (635) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കാവശ്യമായ സാമ്പത്തിക-സാമ്പത്തികേതര കാര്യങ്ങൾ നേടിയെടുക്കുന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം കഴിഞ്ഞ നാലു വർഷമായി സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; കൊച്ചി ഇറമുഖം, എഫ്.എ.സി.റ്റി., എച്ച്.ഒ.സി., എച്ച്.എം.ടി. തുടങ്ങിയവ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് അറിയാമോ ;

(സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിയിൽ കഴിഞ്ഞ നാലു വർഷമായി കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ അനുയോജ്യമായ തരത്തിലായിരുന്നോ ; വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര പൊതുമേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും നിക്ഷേപം നേടിയെടുക്കാൻ സാദ്ധ്യമായോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിയ്ക്കാവശ്യമായ സാമ്പത്തിക സാമ്പത്തികേതര കാര്യങ്ങൾ നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ ഇത്തരം സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് യഥാസമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ഇറമുഖം, ഫാക്ട്, എച്ച്.ഒ.സി., എച്ച്.എം.ടി. എന്നീ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാരിന് ബോദ്ധ്യമുണ്ട്. അസംസ്കൃത വസ്തുവായ എൽ.എൻ.ജി. ഉയർന്ന വിലയ്ക്ക് വാങ്ങേണ്ടി വന്നതാണ് FACT യുടെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടിയത്. സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി, FACT തങ്ങളുടെ എൽ.എൻ.ജി. അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വാങ്ങുന്ന എൽ.എൻ.ജി.-ക്ക് KVAT ഒഴിവാക്കി നൽകുവാൻ സംസ്ഥാന മന്ത്രിസഭ തത്വത്തിൽ തീരുമാനിക്കുകയും, ഇതിന്റെ തുടർനടപടികൾ നികുതി വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിക്കുകയും ചെയ്യുന്നു. ഫാക്ടിന്റെ പുനരുദ്ധാരണത്തിനുള്ള 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഈ പാക്കേജ് എത്രയും വേഗം അനുവദിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് എച്ച്.എം.റ്റി. നേരിടുന്ന പ്രതിസന്ധിക്ക് കാരണം. ഉൽപ്പന്നങ്ങൾക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടി ഏർപ്പെടുത്തിയതും പ്രവർത്തന മൂലധനത്തിന്റെ അഭാവവുമാണ് ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് (എച്ച്.ഒ.സി.) നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുള്ളത്. 150 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റിക്കും ജീവനക്കാരുടെ ശമ്പളം നൽകുന്നതിനുമുള്ള സാമ്പത്തിക സഹായം അനുവദിക്കാനുമുള്ള ശിപാർശ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

കേരളത്തിലെ ഏക വൻകിട തുറമുഖമായ കൊച്ചി തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി വല്ലാർപാടത്ത് ഇന്റർ നാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് (ICTT) കണ്ടെയ്നർ ടെർമിനൽ കാർഗോ കൈകാര്യം ചെയ്യുന്നതിനായി 2011 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ചു. ICTT-ക്ക് 1 മില്യൺ TEUS കപ്പാസിറ്റി ഉണ്ടെങ്കിലും 35% മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിന്റെ ഫലമായി റവന്യൂ കമ്മിയും നേരിടുന്നുണ്ട്. വല്ലാർപാടത്ത് കപ്പൽ അടുപ്പിക്കാൻ ആവശ്യമായ ആഴം നിലനിർത്തുന്നതിനുള്ള ആവർത്തന ഡ്രെഡ്ജിംഗ് നടത്തേണ്ടി വരുന്നതുകൊണ്ട് കൊച്ചി തുറമുഖത്തിന് പ്രതിവർഷം വളരെ വലിയ തുക ചെലവഴിക്കേണ്ടതുണ്ട്. റവന്യൂ വിഹിതമായി ലഭിക്കുന്ന വരുമാനം ഈ തുകയുടെ മൂന്നിലൊന്നു മാത്രമേ ഉള്ളൂ. ഈ അവസ്ഥ ഒരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൊച്ചി തുറമുഖത്തെ നയിക്കുകയുണ്ടായി. മൂന്നു വർഷത്തേയ്ക്ക് ഡ്രെഡ്ജിംഗ് സബ്സിഡി അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് കേരള സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി 400 കോടി രൂപയുടെ സാമ്പത്തിക സഹായം പോർട്ട്ട്രസ്റ്റ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി, ബഹു. മൻ പ്രധാനമന്ത്രിക്ക് കത്ത് നൽകിയിരുന്നു.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ തലങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.

(സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളും കഴിഞ്ഞ 4 വർഷത്തെ പ്രവർത്തന പുരോഗതിയിൽ തടസ്സമായി നിൽക്കുന്ന നിരവധി പ്രശ്നങ്ങൾ യഥാസമയം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇവയൊക്കെ പല ഘട്ടങ്ങളിലായി കേന്ദ്രസർക്കാരിന്റെ പരിഗണനയിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര പൊതുമേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച പദ്ധതികളും അവയുടെ മുതൽമുടക്കും താഴെ ചേർക്കുന്നു :

പദ്ധതികൾ	മുതൽ മുടക്ക് (തുക കോടിയിൽ)
ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ വികസന പദ്ധതി	- 12,000
ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി (കൊച്ചി-മാംഗ്ലൂർ-ബാംഗ്ലൂർ)	- 3,000
നിർദ്ദേശ് പദ്ധതി, കോഴിക്കോട്	- 200

വ്യവസായികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ

287 (636) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പരിപാടികൾ എവിടെയൊക്കെയാണ് നടത്തിയത് എന്നും എന്തൊക്കെ പരിപാടികളായിരുന്നു എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഇതിൽ ഓരോ പരിപാടിക്കും സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ചെലവഴിച്ച തുക എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനുമുള്ള ഒരു സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനുവേണ്ടി എമർജിംഗ് കേരള, കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാർ നടത്തിയിട്ടുണ്ട്. ഇതുവഴി കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും, സംസ്ഥാനത്ത് വ്യവസായ വളർച്ച കൈവരിക്കാനും സാധിച്ചിട്ടുണ്ട്. 2012

LIBRARY ARCHIVES Kerala Legislative Assembly